പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 185 — 14.07.2016 ൽ മറുപടിക്ക്

## സംസ്ഥാനത്തെ ധാതു അധിഷ്ഠിത വ്യവസായങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കാരാട്ട് റസാഖ്<br>ശ്രീ. എ. പ്രദീപ്കുമാർ<br>ശ്രീ. സി. കെ. ശശീന്ദ്രൻ<br>ശ്രീ. വി. ജോയി | ഇ.പി. ജയരാജൻ<br>(വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ഇരുമ്പയിര്, ധാതുമണൽ മുതലായവയുടെ ഖനനം പൊതു മേഖലയിൽ മാത്രമായി പരിമിതപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട്. ധാതുക്കൾ പ്രകൃതിവിഭവങ്ങളാണ്. ആയതിനാൽ, അവ അതീവ സൂക്ഷ്മതയോടെ പരിസ്ഥിതിക്ക് കോട്ടം വരാതെ സമൂഹത്തിനാകെ പ്രയോജനപ്പെടുന്ന രീതിയിലായിരിക്കണം ഉപയോഗപ്പെടുത്തേണ്ടത്. ആയതിനാലാണ് ഇത്തരം ഖനനപ്രവർത്തനങ്ങൾ പൊതുമേഖലയിൽ പരിമിതപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. |
| (ബി) ധാതു അധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള സാധ്യത കണ്ടെത്തുന്ന തിനും അനധികൃത ഖനന പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) ധാതുമണലിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപന്നങ്ങൾക്ക് വ്യവസായ കോംപ്ലക്സ് സ്ഥാപിക്കുന്നതു സംബന്ധിച്ച് പഠനം നടത്തുന്നതിനായി ഒരു വിദഗ്ധ കമ്മിറ്റിയെ നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br><br>അനധികൃത ഖനന പ്രവർത്തനങ്ങൾ തടയുന്നതിനായി കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് & ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങൾ 2015 പുറപ്പെടുവിച്ചിട്ടുണ്ട്. അനധികൃത ഖനന പ്രവർത്തനങ്ങൾ തടയുന്നതിന് മൈനിംഗ് & ജിയോളജി വകുപ്പ് എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു. മൈനിംഗ് & ജിയോളജി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 14 ജില്ലാ ആഫീസുകളും 4 സ്ക്വാഡുകളും സംസ്ഥാനത്തുടനീളം അനധികൃത ഖനന പ്രവർത്തനങ്ങൾ തടയുന്നതിനു വേണ്ട നടപടികൾ സ്വീകരി ക്കുന്നുണ്ട്. |

| | | |
|---|---|---|
| (സി) ഖനന സംബന്ധമായ പ്രശ്നങ്ങൾ മൂലം അടച്ചു പൂട്ടിയിട്ടുള്ള പൊതു മേഖലാ സ്ഥാപനങ്ങൾ വൈവിധ്യവത്ക്കരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാ ക്കാമോ? | (സി) | ഖനന സംബന്ധമായ പ്രശ്നങ്ങൾ മൂലം പ്രവർത്തനം താൽക്കാലികമായി നിറുത്തി വയ്ക്കേണ്ടിവന്ന പൊതു മേഖലാ സ്ഥാപനമായ കേരള ക്ലെയ്സ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡിൽ വൈവിധ്യവൽക്കരണങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ട് റിപ്പോർട്ടിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**